## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1307 | | 02.05.2017-ൽ മറുപടിയ്ക്ക് | |
|---|---|---|---|
| സിറ്റി സാനിറ്റേഷൻ പദ്ധതി | | | |
| ചോദ്യം | | ഉത്തരം | |
| ശ്രീ.എം. സ്വരാജ് | | ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി | |
| (എ) | സംസ്ഥാനത്തെ നഗരപ്രദേശങ്ങളിൽ ശുചിത്വ മേഖലകളുടെ സമഗ്ര വികസനത്തിനായി തയ്യാറാക്കിയ സിറ്റി സാനിറ്റേഷൻ പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കുമോ; | (എ) | സംസ്ഥാനത്ത് സിറ്റി സാനിട്ടേഷൻ പ്ലാൻ തയ്യാറാക്കുന്നതിനായി ഒന്നാം ഘട്ടത്തിൽ 20 നഗരസഭകൾ തെരഞ്ഞെടുക്കുകയും, രണ്ടാം ഘട്ടത്തിൽ 7 നഗരസഭകൾ തെരഞ്ഞെടുക്കുകയും ചെയ്തു. ഇതിൽ 10 എണ്ണം പൂർത്തീകരിക്കുകയും, 17 എണ്ണം പൂർത്തീകരിക്കുന്ന നടപടി ഘട്ടത്തിലുമാണ്. |
| (ബി) | ഏതെല്ലാം നഗരസഭകളാണ് ഈ പദ്ധതി തയ്യാറാക്കിയത് എന്നറിയിക്കുമോ; | (ബി) | തൃശ്ശൂർ കോർപ്പറേഷൻ, ആറ്റിങ്ങൽ, പത്തനംതിട്ട, കരുനാഗപ്പള്ളി, പാല, മാവേലിക്കര, മരട്, ചിറ്റൂർ-തത്തമംഗലം, വടകര, കാസർകോഡ് എന്നീ നഗരസഭകൾ സിറ്റി സാനിട്ടേഷൻ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. ആലുവ, കണ്ണൂർ, തലശ്ശേരി, തിരൂർ, കാഞ്ഞങ്ങാട്, തൊടുപുഴ, ചാലക്കുടി, പെരിന്തൽമണ്ണ, വർക്കല, കൊടുങ്ങല്ലൂർ, നോർത്ത് പറവൂർ, ഗുരുവായൂർ, പൊന്നാനി, കൽപ്പറ്റ, കൊയിലാണ്ടി, തളിപ്പറമ്പ, കോട്ടയം എന്നീ നഗരസഭകൾ സിറ്റി സാനിട്ടേഷൻ പ്ലാൻ പൂർത്തീകരിക്കുന്ന നടപടി ഘട്ടത്തിലുമാണ്. |
| (സി) | എറണാകുളം ജില്ലയിലെ ഏതു നഗരസഭയാണ് ഇതിൽ ഉൾപ്പെട്ടിട്ടുള്ളത് എന്ന് അറിയിക്കുമോ;പ്രസ്തുത നഗരസഭയിൽ ഈ പദ്ധതിയുടെ പ്രവർത്തനം ഏതുവരെയായി എന്ന് അറിയിക്കുമോ; | (സി) | എറണാകുളം ജില്ലയിലെ ആലുവ, നോർത്ത് പറവൂർ, മരട് എന്നീ നഗരസഭകളാണിതിൽ ഉൾപ്പെട്ടിട്ടുള്ളത്. മരട് നഗരസഭ സിറ്റി സാനിട്ടേഷൻ പ്ലാൻ രൂപീകരണം പൂർത്തിയാക്കിയിട്ടുണ്ട്. മറ്റ് രണ്ട് നഗരസഭകളുടെ സിറ്റി സാനിട്ടേഷൻ പ്ലാൻ പുർത്തീകരിക്കുന്ന ഘട്ടത്തിലാണ്. |
| (ഡി) | സമയബന്ധിതമായി ഈ പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | പ്ലാൻ അന്തിമമാക്കുന്ന നടപടി പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ